Reg. No. : ..............................

Name : ..............................

**FY 36**

**IMPROVEMENT**
**JULY 2019**

Time : 2½ Hours
Cool-off time : 15 Minutes

Part – III

# POLITICAL SCIENCE

Maximum : 80 Scores

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. Which of the following state follows Constitutional Monarchy ? (1)

(a) Germany (b) Japan

(c) India (d) France

2. Which of the following Articles empowers the High Courts to issue writs ? (1)

(a) Article 32 (b) Article 226

(c) Article 368 (d) Article 382

3. Which of the following Constitutional Amendments removed the Right to Property from Fundamental Rights ? (1)

(a) 42nd Amendment (b) 44th Amendment

(c) 73rd Amendment (d) 74th Amendment

4. Which of the following is the autobiography of Nelson Mandela ? (1)

(a) Freedom from Fear (b) Long Walk to Freedom

(c) Hind Swaraj (d) On Liberty

5. Name the German philosopher who glorified war. (1)

(a) Vilfredo Pareto (b) Friedrich Nietzsche

(c) J.S. Mill (d) Rousseau

6. Write any two features of Indian Constitution that borrowed from Britain. (2)

1. ചുവടെ ചേർത്തിരിക്കുന്നതിൽ ഏത് രാജ്യത്താണ് ഭരണഘടനാപരമായ രാജവാഴ്ച നിലനിൽക്കുന്നത് ? (1)

(a) ജർമ്മനി
(b) ജപ്പാൻ
(c) ഇന്ത്യ
(d) ഫ്രാൻസ്

2. ചുവടെ ചേർത്തിരിക്കുന്നതിൽ ഹൈക്കോടതികൾക്ക് റിട്ടുകൾ പുറപ്പെടുവിക്കുവാൻ അധികാരം നൽകുന്ന ഭരണഘടന അനുച്ഛേദം ഏത് ? (1)

(a) അനുച്ഛേദം 32
(b) അനുച്ഛേദം 226
(c) അനുച്ഛേദം 368
(d) അനുച്ഛേദം 382

3. ചുവടെ ചേർത്തിരിക്കുന്ന ഭരണഘടനാ ഭേദഗതികളിൽ മൗലിക അവകാശങ്ങളിൽനിന്ന് സ്വത്തവകാശം നീക്കം ചെയ്ത ഭരണഘടനാ ഭേദഗതി ഏത് ? (1)

(a) 42-ാം ഭേദഗതി
(b) 44-ാം ഭേദഗതി
(c) 73-ാം ഭേദഗതി
(d) 74-ാം ഭേദഗതി

4. ചുവടെ ചേർത്തിരിക്കുന്നതിൽ നെൽസൺ മണ്ടേലയുടെ ജീവചരിത്രം ഏത് ? (1)

(a) ഭയത്തിൽനിന്നുള്ള മോചനം
(b) സ്വാതന്ത്ര്യത്തിലേക്കുള്ള ദീർഘയാത്ര
(c) ഹിന്ദ് സ്വരാജ്
(d) സ്വാതന്ത്ര്യത്തെപ്പറ്റി

5. യുദ്ധത്തെ മഹത്ത്വവൽക്കരിച്ച ജർമ്മൻ തത്ത്വ ചിന്തകൻ. (1)

(a) വിൽഫ്രഡോ പരേട്ടോ
(b) ഫ്രെഡറിക് നീഷെ
(c) ജെ.എസ്. മിൽ
(d) റൂസൊ

6. ബ്രിട്ടണിൽ നിന്ന് കടമെടുത്ത ഇന്ത്യൻ ഭരണഘടനയുടെ രണ്ട് സവിശേഷതകൾ എഴുതുക. (2)

7. Choose two features of Indian secularism from the following : **(2)**

(a) Mutual exclusion of religion and politics

(b) State supported religious reforms

(c) Less attention to minorities.

(d) Protection of religious minorities.

8. Match the following : **(3)**

(a) Affirmative action – Every adult citizen has the right to vote.

(b) Equality of opportunity – Banks offer higher rate of interest to senior citizens.

(c) Equal Rights – Every child should get free education

9. Certain features of first past the post system and proportional representation are listed below. Categorise them into the table given below : **(4)**

(a) Constituencies are small geographical areas.

(b) Constituencies are large geographical areas.

(c) Elect more than one representative from a constituency.

(d) Elect one representative from a constituency.

(e) Party may get more seat than vote.

(f) Voters vote for political parties

(g) Voters vote for candidates

(h) Every party gets seats in proportion to vote.

| First past the post system | Proportional representation |
|---|---|
| | |
| | |
| | |
| | |

7. ചുവടെ ചേർത്തിരിക്കുന്നതിൽനിന്ന് ഇന്ത്യൻ മതേതരത്വത്തിന്റെ രണ്ട് സവിശേഷതകൾ തിരഞ്ഞെടുക്കുക : **(2)**

(a) രാഷ്ട്രീയവും മതവും പരസ്പരം അകന്നു നിൽക്കുന്നു.

(b) രാഷ്ട്രം പിൻ തുണയ്ക്കുന്ന മത പരിഷ്ക്കരണങ്ങൾ.

(c) ന്യൂനപക്ഷങ്ങൾക്ക് മേലുള്ള ശ്രദ്ധക്കുറവ്.

(d) മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നു.

8. ചേരും പടിചേർക്കുക : **(3)**

(a) അനുകൂലാത്മക നടപടി – പ്രായപൂർത്തിയായ എല്ലാ പൗരന്മാർക്കും വോട്ടവകാശം നൽകുന്നു.

(b) അവസരസമത്വം – ബാങ്കുകൾ മുതിർന്ന പൗരന്മാർക്ക് ഉയർന്ന നിരക്കിലുള്ള പലിശ വാഗ്ദാനം ചെയ്യുന്നു.

(c) തുല്യഅവകാശം – എല്ലാ കുട്ടികൾക്കും സൗജന്യമായി വിദ്യാഭ്യാസം ലഭ്യമാക്കുന്നു.

9. ആനുപാതിക പ്രാതിനിധ്യത്തിന്റെയും കേവല ഭൂരിപക്ഷത്തിന്റെയും ചില സവിശേഷതകളാണ് ചുവടെ ചേർത്തിരിക്കുന്നത് അവ താഴെതന്നിരിക്കുന്ന പട്ടികയിൽ തരം തിരിച്ചെഴുതുക. **(4)**

(a) നിയോജക മണ്ഡലങ്ങൾ ചെറിയ ഭൂപ്രദേശങ്ങളാണ്

(b) നിയോജക മണ്ഡലങ്ങൾ വലിയ ഭൂപ്രദേശങ്ങളാണ്

(c) ഒരു നിയോജക മണ്ഡലത്തിൽനിന്ന് ഒന്നിലധികം പ്രതിനിധികളെ തിരഞ്ഞെടുക്കുന്നു.

(d) ഒരു നിയോജക മണ്ഡലത്തിൽനിന്ന് ഒരു പ്രതിനിധിയെ തിരഞ്ഞെടുക്കുന്നു.

(e) പാർട്ടികൾക്ക് വോട്ടിനേക്കാൾ കൂടുതൽ സീറ്റ് ലഭിക്കുന്നു.

(f) വോട്ടർമാർ രാഷ്ട്രീയ പാർട്ടികൾക്ക് വോട്ട് ചെയ്യുന്നു.

(g) വോട്ടർമാർ സ്ഥാനാർത്ഥികൾക്ക് വോട്ട് ചെയ്യുന്നു.

(h) എല്ലാ പാർട്ടികൾക്കും വോട്ടിന്റെ അനുപാതത്തിൽ സീറ്റ് ലഭിക്കുന്നു.

| കേവല ഭൂരിപക്ഷ സമ്പ്രദായം | ആനുപാതിക പ്രാതിനിധ്യം |
|---|---|
| | |
| | |
| | |
| | |
| | |

Answer all questions from 10 to 13. Each carries 3 Scores. **(4 × 3 = 12)**

10. Point out three factors that determine the authority of a Constitution.

11. Identify the Article which describe the procedure of amendment of the Constitution. Write the two methods of amendment described in that Article.

12. Write three major criticisms raised against the Constitution of India.

13. Explain Natural Rights in two or three sentences. Point out any two Natural Rights.

**Answer any four questions from 14 to 18. Each carries 4 Scores.** **(4 × 4 = 16)**

14. Briefly explain any two discretionary powers of the President of India.

15. Explain your observation on the importance of the study of political science.

16. Discuss equal treatment for equals and recognition of special needs as two measures for pursuing justice.

17. Explain your observations on the problems faced by the refugees and illegal migrants in different parts of the world. Discuss global citizenship as a resolution to resolve their problems.

18. The model of development existing in present day world have come under the great deal of criticisms related to issues like displacement and environmental threats. Discuss an alternative concept by considering Right claims and Democratic participations.

**10 മുതൽ 13 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. 3 സ്കോർ വിതം.**

**(4 × 3 = 12)**

10. ഭരണഘടനയുടെ ആധികാരികതയെ നിശ്ചയിക്കുന്ന മൂന്ന് ഘടകങ്ങൾ ഏതെല്ലാമെന്ന് ചൂണ്ടിക്കാണിക്കുക.

11. ഭരണഘടന ഭേദഗതി വിശദീകരിക്കുന്ന ഭരണഘടനയുടെ അനുച്ഛേദം ഏത്. ആ അനുച്ഛേദം വിശദീകരിക്കുന്ന ഭരണഘടനാ ഭേദഗതിക്കുള്ള രണ്ട് മാർഗ്ഗങ്ങൾ ഏതെല്ലാം.

12. ഇന്ത്യൻ ഭരണഘടനയ്ക്കെതിരെ ഉയരുന്ന മൂന്ന് പ്രധാന വിമർശനങ്ങളെഴുതുക.

13. പ്രകൃതിദത്ത അവകാശങ്ങളെ രണ്ടോ മൂന്നോ വാക്യത്തിൽ വിശദീകരിക്കുക. രണ്ട് പ്രകൃതിദത്ത അവകാശങ്ങൾ ചൂണ്ടിക്കാണിക്കുക.

**14 മുതൽ 18 വരെ ചോദ്യങ്ങൾക്ക് ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 4 സ്കോർ വിതം.**

**(4 × 4 = 16)**

14. ഇന്ത്യൻ പ്രസിഡന്റിന്റെ വിവേചന അധികാരങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തെക്കുറിച്ച് ലഘുവായി വിവരിക്കുക.

15. രാഷ്ട്രതന്ത്രശാസ്ത്ര പഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള നിങ്ങളുടെ നിരീക്ഷണം തയ്യാറാക്കുക.

16. തുല്യരോടുള്ള തുല്യപരിഗണനയും പ്രത്യേക ആവശ്യങ്ങൾ അംഗീകരിയ്ക്കലും നീതി നടപ്പാക്കുന്നതിനുള്ള യത്നങ്ങൾ എന്ന നിലയിൽ ചർച്ചചെയ്യുക.

17. ലോകത്തെമ്പാടുമുള്ള അഭയാർത്ഥികളുടേയും നിയമപരമല്ലാതെ കുടിയേറിയിട്ടുള്ളവരുടേയും പ്രശ്നങ്ങൾ വിവരിക്കുക. ആഗോള പൗരത്വം ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള മാർഗ്ഗം എന്ന നിലയ്ക്ക് ചർച്ചചെയ്യുക.

18. ലോകത്ത് ഇന്ന് നിലനിൽക്കുന്ന വികസന മാതൃക കുടിയൊഴിപ്പിക്കൽ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ തുടങ്ങിയ വിമർശനങ്ങൾക്ക് വിധേയമാകുന്നുണ്ട്. ശരിയായ അവകാശവാദങ്ങൾ, ജനാധിപത്യപരമായ പങ്കാളിത്തം തുടങ്ങിയവ പരിഗണിച്ചുകൊണ്ട് ഒരു ബദൽ വികസന സങ്കൽപ്പത്തെക്കുറിച്ച് ചർച്ചചെയ്യുക.

**Answer any four questions from 19 to 24. Each carries 5 Scores.** **(4 × 5 = 20)**

19. Prepare an observation note on Public Interest Litigation. Discuss its impacts.

20. Point out any two areas of conflict in the Indian federal system. Explain those two in a paragraph.

21. Explain any five features of $73^{rd}$ Constitutional amendment.

22. Prepare a discussion note on political and social equality.

23. Explain Negative and Positive liberty.

24. Point out major criticism raised against Indian secularism. Can you defend those criticism ? Formulate your arguments.

**Answer any two questions from 25 to 27. Each carries 8 Scores.** **(2 × 8 = 16)**

25. List out the rights guaranteed in the Chapter on Fundamental Rights. Describe each one is four or five sentences. Write the writs issued by the Supreme Court and State High Courts to protect the Fundamental Rights.

26. Which are the powers of Parliament. Explain each function in three or four sentences.

**19 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വീതം.** **(4 × 5 = 20)**

19. പൊതുതാൽപ്പര്യ ഹർജികളെ കുറിച്ച് ഒരു നിരീക്ഷണകുറിപ്പ് തയ്യാറാക്കുക. അതിന്റെ പ്രത്യാഘാതങ്ങൾ ചർച്ചചെയ്യുക.

20. ഇന്ത്യൻ ഫെഡറൽ വ്യവസ്ഥയിലെ ഏതെങ്കിലും രണ്ട് തർക്ക മേഖലകൾ ചൂണ്ടികാണിക്കുക. അത് രണ്ടിനേക്കുറിച്ചും ഒരു പാരഗ്രാഫിൽ വിവരിക്കുക.

21. 73-ാം ഭരണഘടനാ ഭേദഗതിയുടെ ഏതെങ്കിലും അഞ്ച് സവിശേഷതകളെക്കുറിച്ച് വിശദീകരിക്കുക.

22. രാഷ്ട്രീയ സമത്വം സാമൂഹിക സമത്വം എന്നിവയെക്കുറിച്ച് ഒരു ചർച്ചക്കുറിപ്പ് തയ്യാറാക്കുക.

23. നിഷേധാത്മക സ്വാതന്ത്ര്യവും ക്രിയാത്മക സ്വതന്ത്ര്യവും വിവരിക്കുക.

24. ഇന്ത്യൻ മതേതരത്വത്തിനെതിരെ ഉയരുന്ന വിമർശനങ്ങൾ ചൂണ്ടിക്കാണിക്കുക.
നിങ്ങൾക്ക് ഈ വിമർശനങ്ങളെ പ്രതിരോധിക്കുവാൻ കഴിയുമോ ?
നിങ്ങളുടെവാദഗതികൾ രൂപപ്പെടുത്തുക

**25 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

25. മൗലിക അവകാശങ്ങൾ എന്ന ഭരണഘടന അദ്ധ്യായത്തിൽ ഉറപ്പാക്കുന്ന മൗലിക അവകാശങ്ങൾ ഏതെല്ലാം. ഒരോന്നും നാലൊ അഞ്ചൊ വാക്യത്തിൽ വിശദമാക്കുക. മൗലിക അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി സുപ്രിംകോടതിയും ഹൈകോടതിയും പുറപ്പെടുവിക്കുന്ന റിട്ടുകൾ ഏതെല്ലാമാണ്.

26. പാർലമെന്റിന്റെ അധികാരങ്ങൾ എന്തെല്ലാം. ഓരോന്നിനെക്കുറിച്ചും മൂന്നൊ നാലൊ വാക്യത്തിൽ വിവരിക്കുക.

27. Briefly explain the concept of Nation. Examine how far the assumptions such as Shared beliefs, History, Territory and Shared political ideals and Common political identity help the people to formulate the concept of Nation

27. ദേശം എന്ന ആശയത്തെക്കുറിച്ച് ലഘുവായിവിവരിക്കുക. പൊതുവിശ്വാസങ്ങൾ, ചരിത്രം, ഭൂപ്രദേശം, പങ്കുവയ്ക്കപ്പെടുന്ന രാഷ്ട്രീയ വിശ്വാസങ്ങൾ, പൊതുവായ രാഷ്ട്രീയ വ്യക്തിത്വം തുടങ്ങിയ അനുമാനങ്ങൾ ജനങ്ങളിൽ എങ്ങിനെ ദേശീയത രൂപപ്പെടുത്തുന്നു എന്ന് പരിശോധിക്കുക.